432
13/1/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവ്വീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ) നം.11/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- 1 ശ്രീമതി. കെ. വി. ജയലത, ഹെഡ്മിസ്ട്രസ് ഫയൽ ചെയ്ത ഒ.എ. 2414/2017-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.12.2017-ലെ ഉത്തരവ്.

2 ശ്രീ. എം. മോഹൻകുമാർ, പ്രിൻസിപ്പൽ ഫയൽ ചെയ്ത ഒ.എ. 2405/2017-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.12.2017-ലെ ഉത്തരവ്.

3 ശ്രീ. കെ. ഉണ്ണിക്കുട്ടൻ, ഹെഡ്മാസ്റ്റർ ഫയൽ ചെയ്ത ഒ.എ. 2411/2017-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.12.2017-ലെ ഉത്തരവ്.

4 ശ്രീ. ദേവരാജൻ പി വി, പ്രിൻസിപ്പൽ ഫയൽ ചെയ്ത ഒ.എ. 2422/2017-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.12.2017-ലെ ഉത്തരവ്.

5 ശ്രീ. ദേവദാസ് ആർ, റിട്ട. ഹെഡ്മാസ്റ്റർ ഫയൽ ചെയ്ത ഒ.എ. 2451/2017-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.12.2017-ലെ ഉത്തരവ്.

6 ശ്രീ. എൻ മണികണ്ഠൻ, ഹെഡ്മാസ്റ്റർ ഫയൽ ചെയ്ത ഒ.എ. 379/2018-ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26.03.2018-ലെ ഉത്തരവ്.

ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അദ്ധ്യാപകരായി സേവനത്തിൽ പ്രവേശിച്ച അദ്ധ്യാപകരിൽ ചിലർ അവരുടെ യോഗ്യതയുടെയും ഹയർ സെക്കൻഡറി വകുപ്പിലെ സ്പെഷ്യൽ റൂളുകളുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർമാരായി നിയമിക്കപ്പെടുകയും പിന്നീട് പൊതുവിദ്യാഭ്യാസ വകുപ്പിലെ ലീനും സീനിയോറിട്ടിയും പരിഗണിച്ച് ഹെഡ്മാസ്റ്റർമാരായി നിയമനം നൽകപ്പെടുകയും ചെയ്തു. ഇവർക്ക് അക്കൗണ്ടന്റ് ജനറൽ 22/27 വർഷത്തെ ഗ്രേഡ് പ്രൊമോഷൻ നിരസിക്കുകയുണ്ടായി. സമയബന്ധിത ഹയർ ഗ്രേഡ്, പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ് നൽകുന്നതെന്നതിനാലും ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തിക സാധാരണയായി ഹൈസ്കൂൾ ടീച്ചർമാരുടെ പ്രൊമോഷൻ തസ്തികയല്ലാത്തതിനാലുമാണ് അക്കൗണ്ടന്റ് ജനറൽ ഗ്രേഡ് പ്രൊമോഷൻ നിരസിക്കാനിടയായത്. ടി തീരുമാനത്തിനെതിരെ ശ്രീമതി. കെ. വി. ജയലത, ശ്രീ. എം. മോഹൻകുമാർ, ശ്രീ. കെ. ഉണ്ണിക്കുട്ടൻ, ശ്രീ. ദേവരാജൻ പി വി, ശ്രീ.

ദേവദാസ് ആർ, ശ്രീ. എൻ മണികണ്ഠൻ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. ടി കേസുകളിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (1) – (6) ഉത്തരവുകളിൽ, പരാതിക്കാരെ നേരിൽകേട്ടശേഷം ഇക്കാര്യത്തിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

2) തങ്ങളുടെ ഹയർ സെക്കൻഡറി സർവ്വീസ് കൂടി കണക്കിലെടുത്ത് ഹെഡ്മാസ്റ്റർ തസ്തികയിൽ 22/27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെന്ന് നേർക്കാഴ്ച വേളയിൽ അപേക്ഷകർ ആവശ്യപ്പെട്ടു.

3) നിലവിലുള്ള ചട്ടങ്ങളുടെയും വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്:-

(i) ഹൈസ്കൂൾ ടീച്ചർ/ഹെഡ്മാസ്റ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവുകൾക്കിടയിൽ ടി അദ്ധ്യാപകർ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലി സ്വീകരിച്ചതുമൂലം ഇവരുടെ തുടർച്ചയായ ഹൈസ്കൂൾ ടീച്ചർ സർവ്വീസിന് ഭംഗം സംഭവിച്ചതായും തൽഫലമായി ഗ്രേഡ് പ്രൊമോഷൻ ലഭിക്കാത്തതുകൊണ്ട് ഇവരുടെ സർക്കാർ സർവീസിന്റെ അവസാന നാളുകളിൽ സാമ്പത്തിക നഷ്ടമുണ്ടാകുന്നതായും കാണുന്നു. സമയബന്ധിത ഹയർ ഗ്രേഡ് പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ് നൽകുന്നതെന്നതിനാലും ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തിക സാധാരണ രീതിയിൽ ഹൈസ്കൂൾ ടീച്ചർമാരുടെ പ്രൊമോഷൻ തസ്തികയല്ലാത്തതിനാലുമാണ് അക്കൗണ്ടന്റ് ജനറൽ ഗ്രേഡ് പ്രൊമോഷൻ നിരസിക്കാനിടയായത്.

(ii) ഹയർ സെക്കണ്ടറി വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 3.2 പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ട പ്രകാരം പരാതിക്കാരായ ഹെഡ്മാസ്റ്റർമാർ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ഇവരുടെ ലീനും സർവ്വീസും പരിഗണിച്ച് ഹെഡ്മാസ്റ്റർ നിയമനം ലഭിക്കുന്നതുവരെ ആ തസ്തികയിൽ തുടരുകയുമുണ്ടായി. ഇവർക്ക് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ 'സ്ഥിരീകരണം (confirmation)' ലഭിച്ചിട്ടില്ലാത്തതിനാൽ ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ലീൻ പ്രകാരം ഇവർ ഹൈസ്കൂൾ ടീച്ചർ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുകയും തുടർന്ന് KS&SSR ഭാഗം II, ചട്ടം 28 പ്രകാരം ഇവർ ഹെഡ്മാസ്റ്റർ നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയുണ്ടായി. ഇപ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാതിക്കാരായ ടി അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും തൽഫലമായി ഇവർ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും വിടുതൽ നേടി ഹെഡ് മാസ്റ്റർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആയത് KS&SSR ഭാഗം II, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെയുള്ള മാതൃവകുപ്പിലേക്കുള്ള പുനഃപ്രവേശനം ആയി കണക്കാക്കി (deemed) പരിഗണിക്കാവുന്നതും സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള തുടർച്ചയായ യോഗ്യതാകാലമായി പരിഗണിക്കാവുന്നതുമാണ്.

(iii) കെ.എസ്.ആർ. പാർട്ട് 1, അപ്പൻഡിക്സ് XII പ്രകാരമുള്ള അവധിയല്ലാതെ മറ്റേത് തരത്തിലുമുള്ള ഒരു ഓഫീസറുടെ അഭാവത്തിലും (അന്യത്ര സേവനം ഉൾപ്പെടെ) ആ ഓഫീസറെ (i) പുനഃനിയമനം, (ii) സ്ഥാനക്കയറ്റം, (iii) മറ്റ് വകുപ്പുകളിലേക്കുള്ള നിയമനം എന്നിവയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് KS&SSR ഭാഗം II, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ലാവണത്തിൽ ലീൻ നഷ്ടപ്പെടാതിരിക്കുകയോ പുതിയ ലാവണത്തിലെ

തസ്തികയിൽ സ്ഥിരീകരണം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ മാതൃവകപ്പിലേക്കുള്ള പുനഃനിയമനം/പുനഃപ്രവേശം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. ഈ വിഷയത്തിൽ KSR ഭാഗം I ചട്ടം 18, 19 പ്രകാരം പൊതുവിദ്യാഭ്യാസ വകപ്പിലെ ഇവരുടെ ലീൻ സസ്പെൻഡ് ചെയ്യപ്പെട്ടകയോ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകപ്പിൽ സ്ഥിരീകരണം ലഭിക്കുകയോ ചെയ്തിരുന്നില്ല. ആയതിനാൽ പരാതിക്കാർ KS&SSR ഭാഗം II, ചട്ടം 8(b) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണെന്ന് കാണാവുന്നതാണ്. ഇതുകൂടാതെ പരാതിക്കാർ/അപേക്ഷകർ പൊതുവിദ്യാഭ്യാസ വകപ്പിൽ 1980-90 കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരും 2006-ൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി നിയമനം ലഭിച്ചിട്ടുള്ളവരുമായതിനാൽ ഇവരുടെ നിയമനം KS&SSR ഭാഗം II, ചട്ടം 8ന് കീഴിലുള്ള കറിപ്പ് (1) ൽ അനുശാസിക്കും പ്രകാരമാണെന്നും കറിപ്പ് (3) ഇവർക്ക് ബാധകമല്ല എന്നും കാണുന്നു. വർഷങ്ങൾക്ക് മുമ്പേ ഇവർ ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്തതിനാൽ ഈ അവസരത്തിൽ ഇവരുടെ നിയമനം പുനഃരവലോകനം ചെയ്യേണ്ടതായി കരുതേണ്ടതില്ല.

(iv) ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ എ.ഇ.ഒ. ആയി നിയമിക്കപ്പെടുന്ന ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള നിർണ്ണയത്തിലും പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരായി നിയമിതരാകുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ ശമ്പളനിർണ്ണയത്തിലും പ്രായോഗികമായ സമീപനമാണ് സർക്കാർ ആദ്യം മുതൽ സ്വീകരിച്ചുവരുന്നത്. ഹെഡ്മാസ്റ്റർമാരായി (ഹൈസ്കൂൾ/ പ്രൈമറി) നിയമനം ലഭിക്കുന്ന വേളയിൽ ഇവരുടെ താഴ്ന്ന തസ്തികയിലെ ലീനും ഫീഡർ കാറ്റഗറിയിൽ (ഹൈസ്കൂൾ ടീച്ചർ/PD ടീച്ചർ ) തുടർന്നാൽ ലഭിക്കുമായിരുന്ന ശമ്പളവും പരിഗണിച്ചാണ് ശമ്പളനിർണ്ണയം നടത്തിവരുന്നത്. അല്ലാതെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ/ഹൈസ്കൂൾ ടീച്ചർ തസ്തികകളിൽ വാങ്ങിയ ശമ്പളം മാനദണ്ഡമാക്കിയല്ല. കൂടാതെ ഒരു ഓഫീസർ താഴ്ന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്ക് നിയമിക്കപ്പെടുകയും അവിടെ ജോലിയിൽ പ്രവേശിച്ചശേഷം താഴ്ന്ന തസ്തികയിലേക്ക് തിരികെ നിയമിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉയർന്ന തസ്തികയിൽ പ്രവർത്തിച്ച കാലയളവ് താഴ്ന്ന തസ്തികയിലെ ഇൻക്രിമെന്റിന് പരിഗണിക്കാവുന്നതാണെന്ന് KSR ഭാഗം I, ചട്ടം 33(c) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി അദ്ധ്യാപകർക്കും ഇപ്രകാരം അവരുടെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ സേവനകാലം ഇൻക്രിമെന്റിനുള്ള യോഗ്യതാ കാലമായി പരിഗണിക്കപ്പെടാവുന്നതും തൽഫലമായി സമയബന്ധിത ഹയർ ഗ്രേഡിനുള്ള യോഗ്യതാകാലമായി പരിഗണിക്കാവുന്നതുമാണ്. അപ്രകാരം പരിഗണിച്ചാൽ അവരുടെ HSST തസ്തികയിലെ സേവനകാലത്തിന് ആനുകൂല്യം ലഭിക്കാതെ നഷ്ടപ്പെടുകയില്ലായെന്ന് കാണുന്നു.

(v) പ്രൊമോഷന് ആവശ്യമായ യോഗ്യതകൾ ഉണ്ടായിരുന്നിട്ടും പ്രൊമോഷൻ ലഭിക്കാതെ വർഷങ്ങളോളം ഒരേ തസ്തികയിൽ തുടരുന്നവർക്ക് ആശ്വാസമെന്ന നിലയിലാണ് ഗ്രേഡ് പ്രൊമോഷൻ ആവിഷ്കരിച്ചിട്ടുള്ളത്. അദ്ധ്യാപകരുടെ കാര്യത്തിൽ 1960 മുതൽ തന്നെ ഗ്രേഡ് പ്രൊമോഷൻ നൽകുന്ന രീതി നിലവിലുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് മാത്രമാണ് അവസരമുള്ളത്. ആയതിനാൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാത്ത സാഹചര്യം അവർക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനും ജൂനിയറായിട്ടുള്ളവർ കൂടുതൽ ശമ്പളം വാങ്ങുന്നതിനും ഇടവരുത്തും.

(vi) 31.05.2019-ലെ സ.ഉ.(പി) നം.53/2019/പൊ.വി.വ. പ്രകാരവും 1958-ലെ കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയിൽ വരുത്തിയ ഭേദഗതികൾ പ്രകാരവും സർക്കാർ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പൊതുവിദ്യാഭ്യാസ വകപ്പുകൾ ഏകീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒറ്റ

വകുപ്പായി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഹയർ സെക്കണ്ടറി സർവ്വീസിനെ പൊതുവിദ്യാഭ്യാസ സർവീസിൽ നിന്നും വ്യതിരിക്തമായി കാണേണ്ട സാഹചര്യമില്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് മാതൃവകുപ്പിലേക്കുള്ള പുനഃനിയമനം/പുനഃപ്രവേശനം ഇപ്പോൾ ആവശ്യമായി വരുന്നില്ല.

4) മേൽസാഹചര്യത്തിൽ, ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർ ഗ്രേഡ്, അദ്ധ്യാപകർക്ക് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, അനുവദിച്ച് ഉത്തരവാകുന്നു.

5) ഇപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) മുതൽ (6) വരെയുള്ള ഉത്തരവുകൾ നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം/ എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി. കെ. വി. ജയലത, ഉണ്ടത്തിൽ ഹൗസ്, ഒളരി, പുല്ലാഴി, തൃശ്ശൂർ-680012
ശ്രീ. എം. മോഹൻകുമാർ, അർച്ചന, പടിഞ്ഞാറങ്ങാടി, അങ്ങാടി പി.ഒ., എടപ്പാൾ, മലപ്പുറം- 679552
ശ്രീ. കെ. ഉണ്ണിക്കുട്ടൻ, ഉദയസാന്ദ്ര, പോനാഴിക്കര, എടപ്പാൾ, മലപ്പുറം - 679576
ശ്രീ. ദേവരാജൻ പി വി, നന്ദനം, ചൊവ്വേരി, തൃക്കാപ്പൂർ, കാസറഗോഡ് - 671310
ശ്രീ. ദേവദാസ് ആർ, റോസരി ഭവൻ, ഹൗസ് നം.253J/1, പൊൻനഗർ, പാർവ്വതിപുരം പി.ഒ., നാഗർകോവിൽ, കന്യാകുമാരി - 629003.
ശ്രീ. എൻ മണികണ്ഠൻ, തപസ്യ, പെരിയ, വിലയങ്കോട്, കണ്ണൂർ - 670504
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഹയർസെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.4465 തീയതി 06.01.2021)
ധനകാര്യ വകുപ്പ് (12.11.2018-ലെ എഡബ്ല്യു.എ-1/189/2018/ധന പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (സി2/27/2018/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Sivakumar V
Date: 2021.01.11 17:47:54 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ (സി) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

155

രഹസ്യം

# കേരള സർക്കാർ

(90)

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 06-01-2021**

ഫയൽ നം. GEDN-C2/27/2018/G.Edn. ഇനം നം: 4465

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹെഡ്മാസ്റ്റർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവ്വീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡ്, പ്രതിവർഷം ഏകദേശം 85,92,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കി, അദ്ധ്യാപകർക്ക് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പിന്റെ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

6/1/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

7/1/2021

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | GEDN-C2/27/2018/G.Edn |
| 2 | വകുപ്പ് | പൊതുവിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | പൊതുവിദ്യാഭ്യാസം - ഹെഡ്മാസ്റ്റർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡ്, പ്രതിവർഷം ഏകദേശം 85,92,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കി, അദ്ധ്യാപകർക്ക് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25/12/2019 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ആണ്.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമവകുപ്പ്, അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. അജി ഫിലിപ്പ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.12.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ .വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.12.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31.12.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഹെഡ്മാസ്റ്റർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡ്, പ്രതിവർഷം ഏകദേശം 85,92,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കി, അദ്ധ്യാപകർക്ക് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പൊതുവിദ്യാഭ്യാസ വകുപ്പിലെ ചില ഹെഡ്മാസ്റ്റർമാർക്ക് അക്കൗണ്ടന്റ് ജനറൽ 22/27 വർഷ ഗ്രേഡ് പ്രൊമോഷൻ നിരസിച്ചതിനെ തുടർന്ന് ഇവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നൽകിയ പരാതിയാണ് ഈ കേസിന് ആസ്പദമായ വിഷയം. സമയബന്ധിത ഹയർഗ്രേഡ് പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ് നൽകുന്നതെന്നതിനാലും ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തിക സാധാരണ രീതിയിൽ ഹൈസ്കൂൾ ടീച്ചർമാരുടെ പ്രൊമോഷൻ തസ്തികയല്ലാത്തതിനാലുമാണ് അക്കൗണ്ടന്റ് ജനറൽ ഗ്രേഡ് പ്രൊമോഷൻ നിരസിക്കാനിടയായത്. പരാതിക്കാരായ ഹെഡ്മാസ്റ്റർമാർ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർമാരായി ജോലിയിൽ പ്രവേശിക്കുകയും ഇവരുടെ യോഗ്യതയുടെയും ഹയർ സെക്കണ്ടറി വകുപ്പിലെ സ്പെഷ്യൽ റൂളുകളുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി നിയമിതരാവുകയുമാണ് ചെയ്തത്. പിന്നീട് പൊതുവിദ്യാഭ്യാസ വകുപ്പിലെ ലീനും സീനിയോരിറ്റിയും പരിഗണിച്ച് ഇവർക്ക് ഹെഡ്മാസ്റ്റർ മാരായി നിയമനം നൽകി. ടി ഹെഡ്മാസ്റ്റർമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.-യിന്മേൽ (6 കേസുകൾ-ഒ.എ.നം.2405/2017-ലെയും മറ്റ് 5 ഒ.എ.കളിലെയും (ഒ.എ. നം. 2414/17, 2422/17, 2451/17, 2411/17, 379/18)) ടി പരാതിക്കാരെ നേരിൽ കേട്ട് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് ബഹു.ട്രൈബ്യൂണൽ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

3) പരാതിക്കാരെ നേരിൽ കേട്ടതിന്റെയും വിഷയം പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഹൈസ്കൂൾ ടീച്ചർ/ഹെഡ്മാസ്റ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവുകൾക്കിടയിൽ ഇവർ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലി സ്വീകരിച്ചതുമൂലം ഇവരുടെ തുടർച്ചയായ ഹൈസ്കൂൾ ടീച്ചർ സർവ്വീസിന് ഭംഗം സംഭവിച്ചതായും തൽഫലമായി ഗ്രേഡ് പ്രൊമോഷൻ ലഭിക്കാത്തതുകൊണ്ട് ഇവരുടെ സർക്കാർ സർവ്വീസിന്റെ അവസാന നാളുകളിൽ ഇവരുടേതല്ലാത്ത കാരണങ്ങളാൽ ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാകുന്നതായും കാണുന്നു. ഹയർ

സെക്കൻഡറി സ്കൂൾ ടീച്ചർ നിയമനം ലഭിക്കാതെ നേരിട്ട് ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് നിയമനം ലഭിച്ച ഇവരുടെ സഹപ്രവർത്തകർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്ന സാഹചര്യത്തിൽ ടി ഹെഡ്മാസ്റ്റർമാരുടെ പരാതി സഹതാപപൂർവ്വം പരിഗണിക്കപ്പെടുന്നതിന് അർഹതയുള്ളതായി കണ്ടതിനാൽ ഈ വിഷയത്തിൽ ഉപദേശക വകുപ്പുകളായ ധനകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. തദവസരത്തിൽ ടി വകുപ്പുകൾ താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

<u>ധനകാര്യ വകുപ്പ്:-</u>

"സമയ ബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാക്കിയിട്ടും പ്രൊമോഷൻ ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിലാണ് സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കപ്പെടുന്നത് എന്നും ആയതിനാൽ കെ.എസ് & എസ്. എസ്. ആർ ചട്ടം 8 പ്രകാരം ആദ്യതസ്തികയിലേക്ക് പുന: പ്രവേശിക്കുന്ന ജീവനക്കാർക്ക് ടിയാളുകളുടെ രണ്ടാമത്തെ തസ്തികയിലെ സേവനകാലം കൂടി കണക്കാക്കി സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ കഴിയുകയില്ല എന്നും അറിയിക്കുന്നു. ശ്രീമതി ജയലതയ്ക്ക് 27 വർഷത്തെ ഹെഡ്മാസ്റ്റർ ഗ്രേഡിന് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ അനുഷ്ഠിച്ച സേവനകാലം പരിഗണിക്കാൻ കഴിയുകയില്ലയെന്ന് അക്കൗണ്ടന്റ് ജനറലിന്റെ നിരീക്ഷണം ശരിയാണ്. ധന വകുപ്പിന്റെ മുൻ അഭിപ്രായം ഇത്തരത്തിൽ ഭേദഗതി ചെയ്യേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്."

<u>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്:-</u>

"KS&SSRs Part II ചട്ടം 8 പ്രകാരം, പൊതു താല്പര്യാർത്ഥം അത്യന്താപേക്ഷിതം എന്ന നിലയിൽ നടത്തിയ നിയമനം സ്വീകരിക്കുന്നതിനായി ഒരു സർവ്വീസിലെ ഒരംഗത്തിന്റെ, ആ സർവ്വീസിൽ നിന്നുള്ള വിട്ടുനിൽക്കൽ, ചട്ടം 8 പ്രദാനം ചെയ്യുന്ന ആനുകൂല്യത്തിന് ടിയാളെ അർഹമാക്കുന്നതാണ്. ടി ചട്ടത്തിനു കീഴിലെ നോട്ട് (3) പ്രകാരം, മറ്റൊരു നിയമനം സ്വീകരിക്കുന്നതിനു വേണ്ടി ഒരു സർവ്വീസിൽ നിന്നും നിയമാനുസൃതം വിടുതൽ വാങ്ങിയ ഒരാൾക്ക് ചട്ടം 8 പ്രദാനം ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകുന്നത്, മുൻ സർവ്വീസിലേയ്ക്കുള്ള ടിയാളുടെ പുനർനിയമനം, പുതുതായി ജോലിയിൽ പ്രവേശിച്ച സർവ്വീസിൽ സ്ഥിരീകരണം ലഭിക്കുന്നതിനു മുമ്പോ/ അല്ലെങ്കിൽ മുൻസർവ്വീസിൽ നിന്നും റിലീവ് ചെയ്ത് അഞ്ച് വർഷം പൂർത്തിയാക്കുന്നതിനു മുമ്പോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് അതിന്റെ

അടിസ്ഥാനത്തിലായിരിക്കുമെന്നും പ്രസ്തുത കാലയളവിനു ശേഷമുള്ള സംഗതികളിൽ ആദ്യ സർവ്വീസിൽ നിന്നും റിലീവ് ചെയ്ത തീയതിയിൽ ടിയാൾ പ്രബേഷണറോ അംഗീകൃത പ്രബേഷണറോ ആയിരുന്ന ക്ലാസിലോ കാറ്റഗറിയിലോ ഗ്രേഡിലോ തസ്തികയിലോ ജൂനിയർ മോസ്റ്റായി പുനപ്രവേശനത്തിനുള്ള അർഹത മാത്രമേയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ കേസിലെ ഹർജിക്കാരെല്ലാം എച്ച്.എസ്.എ തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി (Jr) ആയി തസ്തികമാറ്റ നിയമനം ലഭിച്ച ശേഷം ഹൈസ്കൂൾ ടീച്ചർ തസ്കികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർമാരായി പ്രമോട്ട് ചെയ്ത് നിയമിക്കപ്പെട്ടവരാണെന്നു കാണുന്നു. എച്ച്.എസ്.എ തസ്തികയിൽ നിന്നും നിയമാനുസൃതം വിടുതൽ വാങ്ങി ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ(Jr) തസ്തികയിൽ നിയമനം ലഭിച്ച് ടി തസ്തികയിൽ ജോലിയിൽത്തുടരുന്നവരെ KS&SSRs Part II ചട്ടം 8 പ്രകാരം മുൻ സർവ്വീസിലേയ്ക്ക് repatriate ചെയ്യപ്പെടാതെ സെക്കന്ററി എച്ച്.എം തസ്തികയിലേയ്ക്ക് പ്രമോട്ട് ചെയ്തിട്ടുള്ളത് എപ്രകാരമെന്ന് വ്യക്തമല്ല. ചട്ടം 8 പ്രകാരം മുൻ സർവ്വീസിലേയ്ക്ക് പുനർനിയമിക്കപ്പെടുന്നവരുടെ കാര്യത്തിലാണ് ടി ചട്ടത്തിനു കീഴിലെ കുറിപ്പ്(3) ലെ വ്യവസ്ഥയ്ക്ക് വിധേയമായി ടിയാളുകൾ മുൻ സർവ്വീസിൽ നിന്നും വിട്ടുനിന്നിട്ടില്ലായെന്ന രീതിയിൽ എല്ലാത്തരത്തിലുമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുന്നത്.

ബഹു. KAT-യുടെ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA[EKM]-391/2017 നം. കേസിൽ, ഹർജിക്കാരനെ KS&SSRs Part II ചട്ടം 8 പ്രകാരം ഹൈസ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് repatriate ചെയ്തു നിയമിക്കുകയും തുടർന്ന് ഹെഡ്മാസ്റ്റർ ആയി പ്രമോട്ട് ചെയ്യുകമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ചട്ടം 8 ന്റെ പൂർണ്ണമായ ആനുകൂല്യത്തോടുകൂടിയ പുനപ്രവേശത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് ടി ചട്ടത്തിനു കീഴിൽ ഉൾപ്പെടുത്തിയ കുറിപ്പ്(3) തദവസരത്തിൽ നിലവുണ്ടായിരുന്നില്ല. ടി സാഹചര്യത്തിലാണ് ഹർജിക്കാരന്റെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിലെ സർവ്വീസുകൂടി കണക്കിലെടുത്ത് TBHG അനുവദിക്കുന്നതിന് ബഹു. KAT ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഈ ഫയലിൽ കൈകാര്യം ചെയ്യുന്ന വിവിധ കേസുകളിലെ സാഹചര്യം ആയതിൽ നിന്നും വ്യത്യസ്തമാണ്. നിലവിലെ വിഷയത്തിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (Jr) തസ്തികയിലേക്കു തസ്തികമാറ്റനിയമനം ലഭിച്ചവരെ എച്ച്.എസ്.എ തസ്തികയിലേയ്ക്ക് പുനർനിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നു മനസ്സിലാക്കുന്നു. അതോടൊപ്പം തന്നെ മേൽ സൂചിപ്പിച്ച പ്രകാരം ചട്ടം 8-ന്റെ പൂർണ്ണമായ ആനുകൂല്യത്തോടു കൂടിയ പുനപ്രവേശത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള 'കുറിപ്പ് (3)', 17.06.2013-ലെ ഗസറ്റിലെ പ്രസിദ്ധീകരിച്ച SRO No. 479/2013-ാം നമ്പരായി വിജ്ഞാപന പ്രകാരം ചട്ടങ്ങളുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്.

അതിനാൽ OA[EKM]-391/2017-ലെ വിധിന്യായം അതേപടി നിലവിലെ കേസുകളിൽ ബാധകമാക്കുന്നതിന് പരിമിതിയുണ്ട്. ഈ കേസിൽ ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹയർസെക്കന്ററി സർവ്വീസിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ(Jr) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുകയും തുടർന്ന് ടിയാളുകളെ അവരുടെ എച്ച്.എസ്.എ തസ്തികയിലെ ലീൻ പരിഗണിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ ആയി പ്രമോട്ട് ചെയ്യുകയും പ്രസ്തുത തസ്തികയിൽ ടിയാളുകൾ വർഷങ്ങളോളം പ്രവർത്തിയെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ഹർജിക്കാരെ ചട്ടം 8 പ്രകാരം മുൻ സർവ്വീസിലേയ്ക്ക് Repatriate ചെയ്തിട്ടുള്ളതായി കണക്കാക്കി (deemed as repatriated under Rule 8 of Part II KS&SSR) ടി ചട്ടത്തിനു കീഴിലെ കുറിപ്പ് (1),(3) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത repatriation വിലയിരുത്തി, ചട്ടം 8 വിഭാവനം ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾക്ക് ടിയാളുകളുടെ അർഹത പരിശോധിച്ച് ബഹു. KAT-യുടെ വിധിന്യായം നടപ്പിലാക്കാവുന്നതാണ്.

KS&SSRs Part II ചട്ടം 8-നു കീഴിലുള്ള കുറിപ്പ്(3) പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തിയത് 7.06.2013 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച SRO No. 479/2013-ാം നമ്പരായി വിജ്ഞാപനം ചെയ്ത 14.06.2013 ലെ സ.ഉ(പി) 19/2013/ഉ.ഭ.പ.വ എന്ന ഉത്തരവിലൂടെയാണ്. പ്രസ്തുത ഭേദഗതിയ്ക്ക് മുൻകാല പ്രാബല്യമില്ല. പ്രസ്തുത ഭേദഗതിയുടെ പ്രാബല്യത്തീയതിയ്ക്ക് മുൻപ് ഒരു സർവ്വീസിൽ നിന്നും വിടുതൽ ചെയ്തവർക്ക് പ്രസ്തുത ഭേഗഗതിയുടെ പ്രയോഗത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഏതെങ്കിലും തരത്തിലുള്ള സംരക്ഷണ വ്യവസ്ഥ ടി ഭേഗഗതിയിൽ ഉൾപ്പെട്ടിട്ടില്ല ടി സാഹചര്യത്തിൽ തസ്തികമാറ്റം അനുവദിച്ച തീയതിയല്ല മറിച്ച് പ്രസ്തുത ഭേദഗതിയുടെ പ്രാബല്യത്തീയതി മുതൽ (14.06.2013) ചട്ടം -8 പ്രകാരം മുൻസർവ്വീസിലേയ്ക്കുള്ള പുനപ്രവേശനം സംബന്ധിച്ച തീരുമാനങ്ങൾക്കാണ് ടി ഭേദഗതിയിലെ വ്യവസ്ഥകൾ ബാധകമാവുക എന്നറിയിക്കുന്നു."

<u>നിയമ വകുപ്പ്:-</u>

"പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ Assistant Educational Officer ആയി ജോലി ചെയ്തു വരുന്ന ശ്രീ. A.K. അപ്പുക്കുട്ടന്റെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ആയുള്ള സർവീസ് കൂടി ഹയർ ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാത്തതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A.(EKM) No.391/2017 ഫയൽ ചെയ്യുകയും ആയതിലെ 08-02-2018-ലെ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 27 വർഷത്തെ സർവീസ് പൂർത്തിയാകുന്ന മുറയ്ക്ക് applicant ന് ലഭ്യമാകുന്ന ഹയർ ഗ്രേഡ് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന Annexures A4, A6 ഉത്തരവുകൾ അസ്ഥിരപ്പെടുത്തി, applicant-ന്റെ 08-06-2007

മുതൽ 17-06-2011 വരെയുള്ള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ സർവീസ് ഹയർ ഗ്രേഡിന് പരിഗണിക്കാൻ യോഗ്യതയുള്ളതാണെന്നും രണ്ടാം എതിർ കക്ഷിയായ DPI ആയത് പ്രകാരം applicant 27 വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് ലഭിക്കേണ്ട time bound higher grade അനുവദിക്കേണ്ടതാണെന്നും ടി നടപടി ക്രമം ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ രണ്ടാം എതിർ കക്ഷി പുറപ്പെടുവിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി K.K. Jayaprakash V. State of Kerala & 2 others, 5 (2016) Part 2 KATR എന്ന കേസിലെ ബഹു. ട്രൈബ്യൂണലിന്റെ തന്നെ ഉത്തരവിന്റെ വെളിച്ചത്തിലാണ് ബഹു.ട്രൈബ്യൂണൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രമല്ല പ്രസ്തുത കേസിൽ applicant-നെ ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹൈസ്കൂൾ ടീച്ചർ തസ്തികയിലേക്ക് repatriate ചെയ്തത് Part II KS&SSR's Ruel 8-ന്റെ അടിസ്ഥാനത്തിലാണ് എന്ന applicant-ന്റെ വാദം രണ്ടാം എതിർകക്ഷി ഖണ്ഡിച്ചിട്ടില്ലെന്നും ബഹു. ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. (EKM) No. 391/2017-ലെ 08-02-2018-ലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

എന്നാൽ O.A. No. 2414/2017, 2451/ 20172411 /2017, 2405/ 20172422 /2017, 379/2018 എന്നീ കേസുകളിലെ ഹർജിക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ നിയമനം നേടിയവരാണെന്നും അവർക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ പൊതു സീനിയോരിറ്റി അടിസ്ഥാനപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായതെന്നും, ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിലേക്കുള്ള നിയമനം ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ റഗുലർ ശ്രേണിയിലുള്ള ഉദ്യോഗക്കയറ്റമല്ലാത്തതിനാൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ സർവീസ് ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ Time bound Higher Grade -ന് പരിഗണിക്കപ്പെടാത്തതാണെന്ന് ധനകാര്യവകുപ്പും അഭിപ്രായപ്പെട്ടിട്ടുണ്ട്. ടി നിയമനങ്ങൾ KS&SSR Part II ചട്ടം 8 പ്രകാരം ലീൻ നിലനിർത്തിക്കൊണ്ടുള്ള ഒരു അന്തർവകുപ്പ് സ്ഥലംമാറ്റമല്ലായെന്ന് ഭരണവകുപ്പ് വ്യക്തമാക്കിയിട്ടുള്ളതിനാലും അതിന് ബഹു.ട്രൈബ്യൂണലിന്റെ OA 291/2017-ലെ Dictum ബാധകമാവില്ലായെന്നും ഭരണവകുപ്പിന് ബോധ്യമുള്ള പക്ഷം ആയത് വ്യക്തമാക്കി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് ഹർജിക്കാരുടെ നിവേദനങ്ങൾ ബഹു. ട്രൈബ്യൂണൽ

നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തീർപ്പുകൽപ്പിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

4) ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു.ട്രൈബ്യൂണലിന്റെ നിരവധി കേസുകളിലെ വിധികൾ ഇതുവരെയും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലും വസ്തുതകളുടെയും യോഗ്യതകളുടെയും അടിസ്ഥാനത്തിൽ ടി ഹെഡ്മാസ്റ്റർമാരുടെ ആവശ്യം സമഗ്രമായി വിലയിരുത്തി അനുയോജ്യമായ തീരുമാനം ഭരണവകുപ്പിന് തന്നെ കൈക്കൊള്ളാവുന്നതാണെന്ന് ഉപദേശക വകുപ്പുകൾ വ്യക്തമാക്കിയിട്ടുള്ളതിനാലും പരാതിക്കാരായ ഹെഡ്മാസ്റ്റർമാർക്ക് അവരുടെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിലെ തസ്തികമാറ്റ നിയമനത്തിലെ സേവന കാലം കൂടി പരിഗണിച്ച് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് ഉതകുന്ന രീതിയിൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും താഴെ പറയുന്ന കാരണങ്ങളാൽ ഗുണപ്രദമായ രീതിയിൽ വ്യാഖ്യാനിച്ച് പ്രത്യേക കേസായി പരിഗണിക്കാവുന്നതാണെന്നും ഒരു പൊതു തീരുമാനം കൈക്കൊള്ളാവുന്നതുമാണെന്നും കാണുന്നു:-

(i) ഹയർ സെക്കണ്ടറി വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 3.2 പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ട പ്രകാരം പരാതിക്കാരായ ഹെഡ്മാസ്റ്റർമാർ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ഇവരുടെ ലീനും സർവ്വീസും പരിഗണിച്ച് ഹെഡ്മാസ്റ്റർ നിയമനം ലഭിക്കുന്നതുവരെ ആ തസ്തികയിൽ തുടരുകയുമുണ്ടായി. ഇവർക്ക് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ 'സ്ഥിരീകരണം (confirmation)' ലഭിച്ചിട്ടില്ലാത്തതിനാൽ ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ലീൻ പ്രകാരം ഇവർ ഹൈസ്കൂൾ ടീച്ചർ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുകയും തുടർന്ന് KS&SSR ഭാഗം II, ചട്ടം 28 പ്രകാരം ഇവർ ഹെഡ്മാസ്റ്റർ നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയുണ്ടായി. ഇപ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാതിക്കാരായ ടി അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും തൽഫലമായി ഇവർ നിലവിലെ തസ്തികയിൽ (ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ) നിന്നും വിടുതൽ നേടി ഹെഡ് മാസ്റ്റർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആയത് KS&SSR ഭാഗം II, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെയുള്ള മാതൃവകുപ്പിലേക്കുള്ള പുനഃപ്രവേശനം ആയി കണക്കാക്കി (deemed) പരിഗണിക്കാവുന്നതും സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള തുടർച്ചയായ യോഗ്യതാകാലമായി പരിഗണിക്കാവുന്നതുമാണ്.

(ii) കെ.എസ്.ആർ. പാർട്ട് 1, അപ്പൻഡിക്സ് XII പ്രകാരമുള്ള അവധിയല്ലാതെ മറ്റേത് തരത്തിലുമുള്ള ഒരു ഓഫീസറുടെ അഭാവത്തിലും (അന്യത്ര സേവനം ഉൾപ്പെടെ) ആ ഓഫീസറെ (i) പുനഃനിയമനം, (ii) സ്ഥാനക്കയറ്റം, (iii) മറ്റ് വകുപ്പുകളിലേക്കുള്ള നിയമനം എന്നിവയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് KS&SSR ഭാഗം II, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ലാവണത്തിൽ ലീൻ നഷ്ടപ്പെടാതിരിക്കുകയോ പുതിയ ലാവണത്തിലെ തസ്തികയിൽ സ്ഥിരീകരണം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ മാതൃവകുപ്പിലേക്കുള്ള പുനഃനിയമനം/പുനഃപ്രവേശം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഈ കേസിൽ KSR ഭാഗം I ചട്ടം 18, 19 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ ഇവരുടെ ലീൻ സസ്പെൻഡ് ചെയ്യപ്പെടുകയോ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരീകരണം ലഭിക്കുകയോ ചെയ്തിരുന്നില്ല. [അലി Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ ബഹു.സുപ്രീം കോടതിയും എബ്രഹാം Vs പൊതുവിദ്യാഭ്യാസ ഡയറക്ടർ (2000KHC800) എന്ന കേസിൽ ബഹു.ഹൈക്കോടതിയും ഇതിന്റെ ആവശ്യകത സ്ഥിരീകരിച്ചിട്ടുണ്ട്.] ആയതിനാൽ പരാതിക്കാർ KS&SSR ഭാഗം II, ചട്ടം 8(b) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണെന്ന് കാണാവുന്നതാണ്.

ഇതുകൂടാതെ പരാതിക്കാർ/അപേക്ഷകർ പൊതുവിദ്യാഭ്യാസ വകുപ്പിൽ 1980-90 കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരും 2006-ൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി നിയമനം ലഭിച്ചിട്ടുള്ളവരുമായതിനാൽ ഇവരുടെ നിയമനം KS&SSR ഭാഗം II, ചട്ടം 8 ന് കീഴിലുള്ള കുറിപ്പ് (1)ൽ അനുശാസിക്കും പ്രകാരമാണെന്നും കുറിപ്പ് (3) ഇവർക്ക് ബാധകമല്ല എന്നും കാണാവുന്നതാണ്. വർഷങ്ങൾക്ക് മുമ്പേ ഇവർ ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്തതിനാൽ ഈ അവസരത്തിൽ ഇവരുടെ നിയമനം പുനഃരവലോകനം ചെയ്യേണ്ടതായി കാണുന്നില്ല.

(iii) ഹൈസ്കൂൾ ഹെഡ്മാസ്റ്റർ / എ.ഇ.ഒ. ആയി നിയമിക്കപ്പെടുന്ന ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള നിർണ്ണയത്തിലും പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരായി നിയമിതരാകുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ ശമ്പളനിർണ്ണയത്തിലും പ്രായോഗികമായ സമീപനമാണ് സർക്കാർ ആദ്യം മുതൽ സ്വീകരിച്ചുവരുന്നത്. ഹെഡ്മാസ്റ്റർമാരായി (ഹൈസ്കൂൾ/പ്രൈമറി) നിയമനം ലഭിക്കുന്ന വേളയിൽ ഇവരുടെ താഴ്ന്ന തസ്തികയിലെ ലീനും ഫീഡർ കാറ്റഗറിയിൽ (ഹൈസ്കൂൾ ടീച്ചർ/PD ടീച്ചർ) തുടർന്നാൽ ലഭിക്കുമായിരുന്ന ശമ്പളവും പരിഗണിച്ചാണ് ശമ്പളനിർണ്ണയം നടത്തിവരുന്നത്. അല്ലാതെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ/ഹൈസ്കൂൾ ടീച്ചർ തസ്തികകളിൽ

വാങ്ങിയ ശമ്പളം മാനദണ്ഡമാക്കിയല്ല. കൂടാതെ ഒരു ഓഫീസർ താഴ്ന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്ക് നിയമിക്കപ്പെടുകയും അവിടെ ജോലിയിൽ പ്രവേശിച്ചശേഷം താഴ്ന്ന തസ്തികയിലേക്ക് തിരികെ നിയമിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉയർന്ന തസ്തികയിൽ പ്രവർത്തിച്ച കാലയളവ് താഴ്ന്ന തസ്തികയിലെ ഇൻക്രിമെന്റിന് പരിഗണിക്കാവുന്നതാണെന്ന് KSR ഭാഗം I, ചട്ടം 33(c) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിലെ അദ്ധ്യാപകർക്കും ഇപ്രകാരം അവരുടെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ സേവനകാലം ഇൻക്രിമെന്റിനുള്ള യോഗ്യതാ കാലമായി പരിഗണിക്കപ്പെടാവുന്നതും തൽഫലമായി സമയബന്ധിത ഹയർഗ്രേഡിനുള്ള യോഗ്യതാകാലമായി പരിഗണിക്കാവുന്നതുമാണ്. അപ്രകാരം പരിഗണിച്ചാൽ അവരുടെ HSST തസ്തികയിലെ സേവനകാലത്തിന് ആനുകൂല്യം ലഭിക്കാതെ നഷ്ടപ്പെടുകയില്ല

(iv) സാധാരണ ഗതിയിൽ പ്രൊമോഷന് ആവശ്യമായ യോഗ്യതകൾ ഉണ്ടായിരുന്നിട്ടും പ്രൊമോഷൻ ലഭിക്കാതെ വർഷങ്ങളോളം ഒരേ തസ്തികയിൽ തുടരുന്നവർക്ക് അശ്വാസമെന്ന നിലയിലാണ് ഗ്രേഡ് പ്രൊമോഷൻ ആവിഷ്കരിച്ചിട്ടുള്ളത്. അദ്ധ്യാപകരുടെ കാര്യത്തിൽ 1960 മുതൽ തന്നെ ഗ്രേഡ് പ്രൊമോഷൻ നൽകുന്ന രീതി നിലവിലുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് മാത്രമാണ് അവസരമുള്ളത്. ആയതിനാൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാത്ത സാഹചര്യം അവർക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനും ജൂനിയറായിട്ടുള്ളവർ കൂടുതൽ ശമ്പളം വാങ്ങുന്നതിനും ഇടവരുത്തും. ഈ പ്രത്യേക സാഹചര്യത്തിൽ മേൽ കേസിലെ പരാതിക്കാർക്ക് / സമാന സാഹചര്യത്തിലുള്ളവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച ചട്ടങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടതായിട്ടുള്ളതായി കാണുന്നു.

(v) 31.05.2019-ലെ സ.ഉ.(പി) നം.53/2019/പൊ.വി.വ. പ്രകാരവും 1958-ലെ കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയിൽ വരുത്തിയ ഭേദഗതികൾ പ്രകാരവും സർക്കാർ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പൊതുവിദ്യാഭ്യാസ വകുപ്പുകൾ ഏകീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒറ്റ വകുപ്പായി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഹയർ സെക്കണ്ടറി സർവ്വീസിനെ പൊതുവിദ്യാഭ്യാസ സർവ്വീസിൽ നിന്നും വ്യതിരക്തമായി കാണേണ്ട സാഹചര്യമില്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് മാതൃവകുപ്പിലേക്കുള്ള പുനഃനിയമനം/ പുനഃപ്രവേശനം ഇപ്പോൾ ആവശ്യമായി വരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ ഫയലിൽ

പ്രതിപാദിക്കുന്ന വിഷയം ഇനി ആവർത്തിക്കപ്പെടാൻ സാധ്യതയില്ലാത്തതിനാൽ പരാതിക്കാരായ അദ്ധ്യാപകരുടെ അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

5) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏകദേശം 179 അദ്ധ്യാപകർ ഈ ആനുകൂല്യത്തിന് അർഹരാണെന്നും ഇവർക്ക് ആനുകൂല്യം അനുവദിക്കുന്ന പക്ഷം പ്രതിമാസം സർക്കാരിന് ഏകദേശം 7,16,000/- (ഏഴ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം ഈ വിഷയത്തിൽ സർക്കാരിന് പ്രതിവർഷം ഏകദേശം 85,92,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് സമയബന്ധിത ഹയർ ഗ്രേഡ് സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവുകൾ ആവശ്യമാണെന്ന് കാണുന്നു.

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

ഹെഡ്മാസ്റ്റർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുമ്പ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരായി സേവനമനുഷ്ഠിച്ചവർക്ക് ഹയർ സെക്കൻഡറി വകുപ്പിലെ സർവീസ് കൂടി പരിഗണിച്ച് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡ്, പ്രതിവർഷം ഏകദേശം 85,92,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കി, അദ്ധ്യാപകർക്ക് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പിലാക്കാവുന്നതാണോ?

**GOVERNMENT OF KERALA**
(Sri. Pinarayi Vijayan Ministry)

## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No | GEDN-C2/27/2018/G.Edn |
| 2 | Department | General Education (C) Department |
| 3 | Subject | General Education - Granting 22/27 years Time Bound Higher Grade to duly appointed Headmasters who had served as HSST prior to the appointment as HM reckoning their service in HSST cadre, incurring an annual additional financial commitment to the tune of about Rs.85,92,000/-. (Rupees eighty five lakh and ninety two thousand only), in relaxation of extant orders of Finance Department with respect to the sanctioning of Time Bound Higher Grade to teachers and there by complying the orders of the Hon'ble Kerala Administrative Tribunal - reg. |
| 4 | Date of Chief Minister's Order for placing before the Council | 25/12/2019 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes.<br>Yes. Included. |
| 6 | Are any other Departments concerned with the case if so, have they been consulted and their remarks incorporated in the Note for the Council? | Yes.<br>Law Department,<br>P&AR Department. |
| 7 | Name of Joint Secretary who submitted the Draft Note | Sri. Aji Philip |
| 8 | Name of Secretary who approved the Draft Note | Sri. A. Shajahan |
| 9 | Date of approval of the Draft Note for the Council by the Secretary | 22.12.2020 |
| 10 | Name of Chief Secretary who approved the Draft Note. | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 30.12.2020 |
| 12 | Name of Minister who approved the Draft Note | Prof. C. Raveendranath |
| 13 | Date of approval of the Draft Note for the Council by the Minister | 31.12.2020 |
| 14 | Date of Submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the GO/letter communicating the decision | |

# Note for Council of Ministers

This note pertains to the matter of granting 22/27 years Time Bound Higher Grade to duly appointed Headmasters who had served as HSST prior to the appointment as HM reckoning their service in HSST cadre, incurring an annual additional financial commitment to the tune of about Rs.85,92,000/-. (Rupees eighty five lakh and ninety two thousand only), in relaxation of extant orders of Finance Department with respect to the sanctioning of Time Bound Higher Grade to teachers and there by complying the orders of the Hon'ble Kerala Administrative Tribunal.

2) The factum of the case is that the Accountant General has declined to authorize the TBHG to some Headmasters under General Education Department on the ground that the TBHG is regulated reckoning the service in the entry post alone; and HSST post from where they had been promoted is not a regular promotion post of HSA. These Headmasters started their career as HSA in General Education Department and thereafter secured by transfer appointments as HSST in Higher Secondary Department in their quota subject to qualifications and other eligibility conditions in Special Rules. Later they were included in the select list drawn for HM/AEO in General Education Department taking into account of their lien in HSA Cadre and seniority in that feeder category. Against the order of the Accountant General, the Headmasters filed O.A. (6 cases-the orders of the Hon'ble KAT in OA No.2405/2017 and 5 the similar cases. (viz. OA No. 2414/17, 2422/17, 2451/17, 2411/17, 379/18) before the Hon'ble KAT and the Hon'ble KAT has directed the Government to consider and pass order in accordance with law after

hearing the applicants.

3) Upon hearing them it is seen that these teachers infact facing a break in their service as HSA, HSST & HM and ultimately loosing their intervening period; service between HSA & HSST solely on the reason that they served in HSST, for the service benefit as teachers. This will inturn result in incurring financial loss for no reason of their own at the fag end of the service, while their colleagues are getting higher emoluments for the same years of total service and thus their request seems genuine and deserves sympathetic considerations. Keeping that in mind this Department has consulted the advisory departments and they offered the following remarks:-

<u>Finance Department</u>

"സമയ ബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാക്കിയിട്ടും പ്രൊമോഷൻ ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിലാണ് സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കപ്പെടുന്നത് എന്നും ആയതിനാൽ കെ.എസ് & എസ്. എസ്. ആർ ചട്ടം 8 പ്രകാരം ആദ്യതസ്തികയിലേക്ക് പുന :പ്രവേശിക്കുന്ന ജീവനക്കാർക്ക് ടിയാളുകളുടെ രണ്ടാമത്തെ തസ്തികയിലെ സേവനകാലം കൂടി കണക്കാക്കി സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ കഴിയുകയില്ല എന്നും അറിയിക്കുന്നു. ശ്രീമതി ജയലതയ്ക്ക് 27 വർഷത്തെ ഹെഡ്മാസ്റ്റർ ഗ്രേഡിന് HSST തസ്തികയിൽഅനുഷ്ഠിച്ച സേവനകാലം പരിഗണിക്കാൻ കഴിയുകയില്ലയെന്ന് അക്കൗണ്ടന്റ് ജനറലിന്റെ നിരീക്ഷണം ശരിയാണ്. ധന വകുപ്പിന്റെ മുൻ അഭിപ്രായം ഇത്തരത്തിൽ ഭേദഗതി ചെയ്യേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്."

<u>P & AR Department</u>

"KS&SSRs Part II ചട്ടം 8 പ്രകാരം, പൊതു താല്പര്യാർത്ഥം അത്യന്താപേക്ഷിതം എന്ന നിലയിൽ നടത്തിയ നിയമനം സ്വീകരിക്കുന്നതിനായി ഒരു സർവ്വീസിലെ ഒരംഗത്തിന്റെ, ആ സർവ്വീസിൽ നിന്നുള്ള വിട്ടുനിൽക്കൽ, ചട്ടം 8 പ്രദാനം ചെയ്യുന്ന ആനുകൂല്യത്തിന് ടിയാളെ അർഹമാക്കുന്നതാണ്. ടി ചട്ടത്തിനു കീഴിലെ നോട്ട് (3) പ്രകാരം, മറ്റൊരു നിയമനം

സ്വീകരിക്കുന്നതിനു വേണ്ടി ഒരു സർവ്വീസിൽ നിന്നും നിയമാനുസൃതം വിട്ടുതൽ വാങ്ങിയ ഒരാൾക്ക് ചട്ടം 8 പ്രദാനം ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകുന്നത്, മുൻസർവ്വീസിലേയ്ക്കുള്ള ടിയാളുടെ പുനർനിയമനം, പുതുതായി ജോലിയിൽ പ്രവേശിച്ച സർവ്വീസിൽ സ്ഥിരീകരണം ലഭിക്കുന്നതിനു മുമ്പോ/ അല്ലെങ്കിൽ മുൻസർവ്വീസിൽ നിന്നും റിലീവ് ചെയ്ത് അഞ്ച് വർഷം പൂർത്തിയാക്കുന്നതിനു മുമ്പോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും പ്രസ്തുത കാലയളവിനു ശേഷമുള്ള സംഗതികളിൽ ആദ്യ സർവ്വീസിൽ നിന്നും റിലീവ് ചെയ്ത തീയതിയിൽ ടിയാൾ പ്രബേഷണറോ അംഗീകൃത പ്രബേഷണറോ ആയിരുന്ന ക്ലാസിലോ കാറ്റഗറിയിലോ ഗ്രേഡിലോ തസ്തികയിലോ ജൂനിയർ മോസ്റ്റായി പുനപ്രവേശനത്തിനുള്ള അർഹത മാത്രമേയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ കേസിലെ ഹർജിക്കാരെല്ലാം എച്ച്.എസ്.എ തസ്തികയിൽ നിന്നും എച്ച്. എസ്.എസ്.റ്റി (Jr) ആയി തസ്തികമാറ്റ നിയമനം ലഭിച്ച ശേഷം HSA തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ HM-മാരായി പ്രമോട്ട് ചെയ്ത് നിയമിക്കപ്പെട്ടവരാണെന്നു കാണുന്നു. എച്ച്.എസ്.എ തസ്തികയിൽ നിന്നും നിയമാനുസൃതം വിട്ടുതൽ വാങ്ങി ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസിലെ HSST(Jr) തസ്തികയിൽ നിയമനം ലഭിച്ച് ടി തസ്തികയിൽ ജോലിയിൽത്തുടരുന്നവരെ KS&SSRs Part II ചട്ടം 8 പ്രകാരം മുൻ സർവ്വീസിലേയ്ക്ക് repatriate ചെയ്യപ്പെടാതെ സെക്കന്ററി എച്ച്.എം. തസ്തികയിലേയ്ക്ക് പ്രമോട്ട് ചെയ്തിട്ടുള്ളത് എപ്രകാരമെന്ന് വ്യക്തമല്ല. ചട്ടം 8 പ്രകാരം മുൻസർവ്വീസിലേയ്ക്ക് പുനർനിയമിക്കപ്പെടുന്നവരുടെ കാര്യത്തിലാണ് ടി ചട്ടത്തിനു കീഴിലെ കുറിപ്പ്(3) ലെ വ്യവസ്ഥയ്ക്ക് വിധേയമായി ടിയാളുകൾ മുൻ സർവ്വീസിൽ നിന്നും വിട്ടുനിന്നിട്ടില്ലായെന്ന രീതിയിൽ എല്ലാത്തരത്തിലുമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുന്നത്.

ബഹു. KAT-യുടെ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA[EKM]-391/2017 നം. കേസിൽ, ഹർജിക്കാരനെ KS&SSRs Part II ചട്ടം 8 പ്രകാരം HSA തസ്തികയിലേയ്ക്ക് repatriate ചെയ്തു നിയമിക്കുകയും തുടർന്ന് HM ആയി പ്രമോട്ട് ചെയ്യുകമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ചട്ടം 8 ന്റെ പൂർണ്ണമായ ആനുകൂല്യത്തോടു കൂടിയ പുനപ്രവേശത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് ടി ചട്ടത്തിനു കീഴിൽ ഉൾപ്പെടുത്തിയ കുറിപ്പ്(3) തദവസരത്തിൽ നിലവുണ്ടായിരുന്നില്ല. ടി സാഹചര്യത്തിലാണ് ഹർജിക്കാരന്റെ HSST തസ്തികയിലെ സർവ്വീസുകൂടി കണക്കിലെടുത്ത് TBHG അനുവദിക്കുന്നതിന് ബഹു. KAT ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഈ ഫയലിൽ കൈകാര്യം ചെയ്യുന്ന വിവിധ കേസുകളിലെ സാഹചര്യം ആയതിൽ നിന്നും വ്യത്യസ്തമാണ്. നിലവിലെ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി (Jr) തസ്തികയിലേക്കു തസ്തികമാറ്റനിയമനം

ലഭിച്ചവരെ എച്ച്.എസ്.എ തസ്തികയിലേയ്ക്ക് പുനർനിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നു മനസ്സിലാക്കുന്നു. അതോടൊപ്പം തന്നെ മേൽ സൂചിപ്പിച്ച പ്രകാരം ചട്ടം 8-ന്റെ പൂർണ്ണമായ ആനുകൂല്യത്തോടു കൂടിയ പുനപ്രവേശത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള 'കുറിപ്പ് (3)', 17.06.2013-ലെ ഗസറ്റിലെ പ്രസിദ്ധീകരിച്ച SRO No. 479/2013-ാം നമ്പരായി വിജ്ഞാപന പ്രകാരം ചട്ടങ്ങളുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ OA[EKM]-391/2017 -ലെ വിധിന്യായം അതേപടി നിലവിലെ കേസുകളിൽ ബാധകമാക്കുന്നതിന് പരിമിതിയുണ്ട്. ഈ കേസിൽ HSA തസ്തികയിൽ നിന്നും ഹയർസെക്കന്ററി സർവ്വീസിലെ HSST(Jr) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുകയും തുടർന്ന് ടിയാളുകളെ അവരുടെ എച്ച്.എസ്.എ തസ്തികയിലെ ലീൻ പരിഗണിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ HM ആയി പ്രമോട്ട് ചെയ്യുകയും പ്രസ്തുത തസ്തികയിൽ ടിയാളുകൾ വർഷങ്ങളോളം പ്രവർത്തിയെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ഹർജിക്കാരെ ചട്ടം 8 പ്രകാരം മുൻ സർവ്വീസിലേയ്ക്ക് Repatriate ചെയ്തിട്ടുള്ളതായി കണക്കാക്കി (deemed as repatriated under Rule 8 of Part II KS&SSR) ടി ചട്ടത്തിനു കീഴിലെ കുറിപ്പ് (1),(3) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത repatriation വിലയിരുത്തി, ചട്ടം 8 വിഭാവനം ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾക്ക് ടിയാളുകളുടെ അർഹത പരിശോധിച്ച് ബഹു. KAT-യുടെ വിധിന്യായം നടപ്പിലാക്കാവുന്നതാണ്.

KS&SSRs Part II ചട്ടം 8-നു കീഴിലുള്ള കുറിപ്പ്(3) പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തിയത് 7.06.2013 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച SRO No. 479/2013-ാം നമ്പരായി വിജ്ഞാപനം ചെയ്ത 14.06.2013 ലെ സ.ഉ(പി) 19/2013/ഉ.ഭ.പ.വ എന്ന ഉത്തരവിലൂടെയാണ്. പ്രസ്തുത ഭേദഗതിയ്ക്ക് മുൻകാല പ്രാബല്യമില്ല. പ്രസ്തുത ഭേദഗതിയുടെ പ്രാബല്യത്തീയതിയ്ക്ക് മുൻപ് ഒരു സർവ്വീസിൽ നിന്നും വിടുതൽ ചെയ്തവർക്ക് പ്രസ്തുത ഭേദഗതിയുടെ പ്രയോഗത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഏതെങ്കിലും തരത്തിലുള്ള സംരക്ഷണ വ്യവസ്ഥ ടി ഭേദഗതിയിൽ ഉൾപ്പെട്ടിട്ടില്ല. ടി സാഹചര്യത്തിൽ തസ്തികമാറ്റം അനുവദിച്ച തീയതിയല്ല മറിച്ച് പ്രസ്തുത ഭേദഗതിയുടെ പ്രാബല്യത്തീയതി മുതൽ (14.06.2013) ചട്ടം -8 പ്രകാരം മുൻസർവ്വീസിലേയ്ക്കുള്ള പുനപ്രവേശനം സംബന്ധിച്ച തീരുമാനങ്ങൾക്കാണ് ടി ഭേദഗതിയിലെ വ്യവസ്ഥകൾ ബാധകമാവുക എന്നറിയിക്കുന്നു."

<u>Law Department</u>

"പൊതു വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ Assistant Educational Officer ആയി ജോലി ചെയ്തു വരുന്ന ശ്രീ. A.K. അപ്പുക്കുട്ടന്റെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ HSST ആയുള്ള സർവീസ് കൂടി ഹയർ ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാത്തതിനെതിരെ ടിയാൻ ബഹു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A.(EKM) No.391/2017 ഫയൽ ചെയ്യുകയും ആയതിലെ 08-02-2018-ലെ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 27 വർഷത്തെ സർവീസ് പൂർത്തിയാകുന്ന മുറയ്ക്ക് applicant ന് ലഭ്യമാകുന്ന ഹയർ ഗ്രേഡ് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന Annexures A4, A6 ഉത്തരവുകൾ അസാധിരപ്പെടുത്തി, applicant-ന്റെ 08-06-2007 മുതൽ 17-06-2011 വരെയുള്ള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ സർവീസ് ഹയർ ഗ്രേഡിന് പരിഗണിക്കാൻ യോഗ്യതയുള്ളതാണെന്നും രണ്ടാം എതിർ കക്ഷിയായ DPI ആയത് പ്രകാരം applicant 27 വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് ലഭിക്കേണ്ട time bound higher grade അനുവദിക്കേണ്ടതാണെന്നും ടി നടപടി ക്രമം ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ രണ്ടാം എതിർ കക്ഷി പുറപ്പെടുവിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. K.K. Jayaprakash Vs. State of Kerala & 2 others, 5 (2016) Part 2 KATR എന്ന കേസിലെ ബഹു.ട്രൈബ്യൂണലിന്റെ തന്നെ ഉത്തരവിന്റെ വെളിച്ചത്തിലാണ് ബഹു.ട്രൈബ്യൂണൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രമല്ല പ്രസ്തുത കേസിൽ applicant-നെ HSST തസ്തികയിൽ നിന്നും HSA തസ്തികയിലേക്ക് repatriate ചെയ്തത് Part II KS&SSR's Ruel 8-ന്റെ അടിസ്ഥാനത്തിലാണ് എന്ന applicant -ന്റെ വാദം രണ്ടാം എതിർകക്ഷി ഖണ്ഡിച്ചിട്ടില്ലാ എന്നും ബഹു. ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. (EKM) No. 391/2017-ലെ 08-02-2018-ലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

എന്നാൽ O.A. No. 2414/2017, 2451/ 20172411 /2017, 2405/ 20172422 /2017, 379/2018 എന്നീ കേസുകളിലെ ഹർജിക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിലെ HSA തസ്തികയിൽ നിന്നും ഹയർ സെക്കണ്ടറി വിഭാഗത്തിലെ HSST തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ നിയമനം നേടിയവരാണെന്നും അവർക്ക് HSA തസ്തികയിലെ പൊതു സീനിയോരിറ്റി അടിസ്ഥാനപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പിലെ HM തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായതെന്നും, HSA തസ്തികയിൽ നിന്നും HSST തസ്തികയിലേക്കുള്ള നിയമനം HSA തസ്തികയുടെ റഗുലർ ശ്രേണിയിലുള്ള ഉദ്യോഗക്കയറ്റമല്ലാത്തതിനാൽ HSST സർവീസ് HSA യുടെ Time bound Higher Grade-ന് പരിഗണിക്കപ്പെടാത്തതാണെന്ന് ധനകാര്യവകുപ്പും അഭിപ്രായപ്പെട്ടിട്ടുണ്ട്. ടി നിയമനങ്ങൾ KS&SSR Part II ചട്ടം 8 പ്രകാരം ലീൻ നിലനിർത്തി കൊണ്ടുള്ള ഒരു അന്തർവകുപ്പ് സ്ഥലംമാറ്റമല്ലായെന്ന് ഭരണവകുപ്പ് വ്യക്തമാക്കിയിട്ടുള്ള തിനാലും അതിന് ബഹു.ട്രൈബ്യൂണലിന്റെ OA 291/2017-ലെ Dictum ബാധകമാവില്ലായെന്നും ഭരണവകുപ്പിന് ബോധ്യമുള്ള പക്ഷം ആയത് വ്യക്തമാക്കി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് ഹർജിക്കാരുടെ നിവേദനങ്ങൾ ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തീർപ്പുകൽപ്പിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

4) When the orders of Hon.KAT in various OAs are remaining uncomplied till date and the advisory departments insisting that Administrative Department themselves to take appropriate decision in the matter based on facts and merits, this Department proposed to take a general stand in granting TBHG to HM's taking into account of their services rendered as HSST, it seems that the existing Rules/Conditions of Time Bound Higher Grade may be construed beneficially to HM's appointed from HSST cadre so as to include their service in Higher Secondary on 'by transfer' appointment from HSA as qualifying service on the following premises as a special case:-

(i) The Special Rules for the Higher Secondary Education State Service has provided "by transfer appointment" to the category of HSS Teacher under Rule 3.2 from HSA. Invoking the said rule, petitioners were appointed as HSST and had continued there till they were promoted as Headmaster on the basis of their lien and seniority in the cadre of HSA. It is learnt that they are not confirmed in the post of HSST and hence, based on their lien in HSA cadre, they are being continued in the seniority list of HSA. Consequently they were included in the select list for HM following the procedure established under R.28 Part II KS&SSRs. Based on a valid select list drawn for the cadre of HM from among the qualified HSA/HSST, DPI issued promotion orders at relevant time and the applicants in the aforesaid OA joined duty as HM thereof. The relief from the post of HSST is an inevitable consequence of the promotion order of DPI. Therefore it can very well be presumed that in these cases the promotion order issued by DPI in accordance with rules can be deemed as a repatriation under Rule 8 Part II KS & SSRs in order to consider their service uninterrupted for the consequential benefits, specifically TBHG.

(ii) Rule 8 Part II KS&SSRs stipulates that a member of a service is eligible **as the case may be** for 3 distinct rights/benefits, viz., (i) reappointment (ii) promotion (iii) appointment in any other Department, in his due turn in such service even if he is absent from such service on leave other than leave under Appendix XII of Part I KSR, on deputation or foreign service or for any other reason. It is evident that an incumbent/a member of service is eligible for

promotion from a lower to a higher category in his due turn but for his absence from service. For that the Rule does not mandate a reappointment in such service or repatriation from other service provided he has not lost his lien in such service or has not confirmed in other service. In the instant cases, it can be seen that the applicants while working as HSA they were appointed by transfer as HSST and later they were promoted as Headmaster on the basis of their lien in HSA and their turn in the seniority list of HSA at relevant point of time. They are not confirmed in Higher Secondary Department. Further their appointments are made in exigencies of Public Service. It is also be noted that neither the parent Department has suspended their lien as contemplated in Rule 18 &19 Part I KSRs nor seen confirmed in the Higher secondary department [*This requirement has been affirmed by Hon.Supreme Court in Ali vs State of Kerala and the Hon'ble High Court in Abraham Vs Director of Public Instruction (2000 KHC 800]* Hence they are entitled to the benefits of provision of Rule 8 (b) Part II KS&SSRs.

Further the applicants/ petitioners were seen entered in General Education Service during 1980's and 90's and appointed as HSST in 2006. There is no doubt that their appointment to the post of HSST was in exigencies as mentioned in Note (1) to Rule 8 Part II KS&SSRs and they were not bound by the conditions, in Note (3) to Rule 8 Part II KS&SSRs at this distance of time since they have already been promoted and joined the post of Headmaster years back and thus settled position not warranting a review at this point.

(iii) Government have been following a pragmatic approach from the very beginning in the matter of fixation of salary in case of teachers who are appointed as HM/AEO from the cadre of HSST and in case of HSAs appointed as HM (primary). On promotion as HM (High School/ Primary), their pay were fixed taking into account of their lien in the lower post (HSA/PD Teacher) and also with references to pay they would have been drawn at the feeder category (HSA/PD Teacher) as if they continued as HSA/PD Teacher; and not with reference to the pay drawn as HSST/HSA which is not the regular line of promotion in respective category. Moreover Rule 33(c) Part I KSRs stipulates that an officer appointed to

officiate in a higher post and if he is reappointed to lower post, his officiating service in higher post shall count for increments in the time scale applicable to lower post. The Teachers in the instant cases who were repatriated as HM in the Parent department of General Education after serving as HSST, in terms of the Special Rules for the said appointment, had been continuing in service, and the period of their service as HSST is qualifying service for grant of increment and in consequence for time bound higher grade promotions as per rules. Hence the period of service cannot be said to have been lost without any service benefits.

(iv) It may also be taken into consideration that normally grade promotion are granted to those incumbents who are stagnating in the same post without any promotion for years together though they are qualified and eligible for promotion. To ameliorate the condition of such employees the grade promotion are introduced. In the case of teachers, grade promotion was prevailing from 1960 onwards. Along side it may also be seen that only promotion post available for teachers, practically, is the post of HM. Then, if the available grades are not allowed there is very chance to suffer financial losses and arise situations where junior drawing more salary. Hence it seems that a beneficial construction of rules may be extended in the interpretation of TBHG to applicants in the enlisted O.As above/ such teachers in general to tide over the peculiar anomalous situation in General Education department.

(v) Government vide G.O.(Ms) No. 53/2019/G.Edn dated 31.05.2019 and amendments in the Kerala Education Act 1958 and Kerala Education Rules thereto have unified the Directorate of Public Instruction, Directorate of Higher Secondary Education and Directorate of Vocational Higher Secondary Education and brought under the Director of General Education. As such the present higher secondary structure (class XI &XII) is as an integral part of schools for General Education and not a separate entity. Resultantly, the Higher Secondary Education service becomes a part of General Education Service and entire service in General Education Department either in High School or in Higher Secondary school or in both as a teacher can be considered as a service in General Education service for

all the benefits including TBHG to teachers in general. In fact Higher Secondary Education Service is not a surrogate structure but only a corollary of General Education Service. As such the question of repatriation and re-appointment for availing the benefit of Time Bound Higher Grade for those promoted from HSST category does not arise. Moreover with the unification of distinct department, it can very well be concluded that the issue dealt with respect to appointment of HST as HSST and HSST as Headmaster thereon is a bygone matter and the teachers who were applicant in the O.A.s herein are infact a vanishing category to be considered sympathetically.

5) The Director of General Education has reported that there are about 179 teachers entitled to get the benefit at present, and if such benefits is granted it is estimated that Government will incure additional financial commitment of Rs.7,16,000/- per month and hence the expected annual financial commitment in this regard will be about Rs.85,92,000/- (Rupees eighty five lakh and ninety two thousand only). It is also seen that the present conditions in the order of Finance Department with respect to TBHG require relaxation for extending the benefit to these Headmasters.

6) The Hon'ble Chief Minister has ordered to place the matter before the Council of Ministers for approval.

## Point for decision

Whether the 22/27 years TBHG to duly promoted Headmasters who had served as HSST prior to the appointment as HM may be granted reckoning their service in HSST cadre, incurring an annual additional financial commitment to the tune of about Rs.85,92,000/-. (Rupees eighty five lakh and ninety two thousand only), in relaxation of extant orders of Finance Department with respect to Time Bound Higher Grade and there by complying the orders of the Hon'ble Kerala Administrative Tribunal?